പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2760 — 18/08/2017 -ൽ മറുപടിയ്ക്ക്

# പരീക്ഷാഭവൻ ഡിജിറ്റൽ സംവിധാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പരീക്ഷാഭവൻ ഡിജിറ്റൽ സംവിധാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പരീക്ഷാഭവൻ ഡിജിറ്റൽ സംവിധാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. വിവിധ പരീക്ഷകളുടെ അപേക്ഷ സ്വീകരിക്കുന്നത് ഡിജിറ്റൽ സംവിധാനം ഉപയോഗിച്ചിട്ടാണ്. കൂടാതെ പരീക്ഷാ ഭവനിലെ റിക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) എസ്.എസ്.എൽ.സി. ബുക്കുകളിൽ പേരു വ്യത്യാസം, മാതാപിതാക്കളുടെ പേരിലെ വ്യത്യാസം, ജനനത്തീയതി തിരുത്തൽ തുടങ്ങിയവ ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എസ്.എസ്.എൽ.സി. ബുക്കുകളിൽ പേരു വ്യത്യാസം, മാതാപിതാക്കളുടെ പേരിലെ വ്യത്യാസം, ജനനത്തീയതി തിരുത്തൽ തുടങ്ങിയ നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ആക്കുന്നതിനുള്ള ആലോചനകൾ നടന്നു വരുന്നു. |
| (സി) നിലവിൽ ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ പരിശോധിക്കുവാനും നടപടി സ്വീകരിക്കുവാനും എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകളുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ പൗരാവകാശ രേഖപ്രകാരമുള്ള സമയ പരിധിയിൽ തീർപ്പാക്കി നൽകാറുണ്ട്. അടിയന്തിര പ്രാധാന്യമുള്ളവ (വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ) വളരെ വേഗത്തിൽ തീർപ്പാക്കി നൽകുന്നു. |

(ഡി) പരീക്ഷാഭവനിൽ പൗരാവകാശരേഖ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

(ഡി) പരീക്ഷാഭവനിൽ പൗരാവകാശരേഖ നിലവിലുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ